മി. സ്പീക്കർ: ഓർഡർ, ............ ഓർഡർ .......... ചോദ്യം നമ്പർ *1.

ശ്രീ. പി. ടി. തോമസ്: സർ, .........(ബഹളം)......

മി. സ്പീക്കർ: ചോദ്യോത്തരവേളയിൽ ക്രമപ്രശ്നം അനുവദിക്കില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2015 ജൂൺ 8-ാം തീയതി ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾ ഉന്നയിക്കുന്നത് സംബന്ധിച്ചുള്ള ഒരു ക്രമപ്രശ്നം, അതിന്റെ അടിസ്ഥാനത്തിൽ റൂൾ 36- ഉം ആയി ബന്ധപ്പെട്ട് സഭയിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ precedent-ന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം അനുവദിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുതന്നെ അറിയാവുന്ന കാര്യമാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പിന്നീട് പരിശോധിക്കുകയെന്നതാണ് രീതി.

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ ഗൗരവതരമായി ഉന്നയിക്കേണ്ട ഒരു കാര്യമാണിത്. കാരണം ഈ ചോദ്യം സഭയിൽ വരുന്നതിനുമുമ്പ് ഉന്നയിക്കേണ്ടൊരു കാര്യമാണ്. ചോദ്യം സഭയിൽ ഉന്നയിച്ചതിനുശേഷം ഈ വിഷയം സഭയിൽ അവതരിപ്പിച്ചിട്ട് യാതൊരുകാര്യവുമില്ല. മൂന്നാം നമ്പർ ചോദ്യവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു പ്രശ്നമാണ്. ഇത് ലെജിസ്ലേച്ചർ

സെക്രട്ടേറിയേറ്റോ, ബഹുമാനപ്പെട്ട ചെയറോ ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണ് മൂന്നാം നമ്പർ ചോദ്യം. പ്രതിപക്ഷത്തെ അപമാനിക്കുന്ന തരത്തിലുള്ള ഒരു ചോദ്യമാണ്. ഇവിടെ വളരെ ക്ലിയറാണ് ചട്ടം. റൂൾ 36 (2) സി അനുസരിച്ച് വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തികരങ്ങളായ സ്റ്റേറ്റുമെന്റുകളോ ഉണ്ടാകരുതെന്നാണ്. മൂന്നാം നമ്പർ ചോദ്യത്തിൽ വളരെ വ്യക്തമായി പ്രതിപക്ഷത്തെ ആക്ഷേപിക്കുന്ന തരത്തിലുള്ള ചോദ്യമാണ് ഇതിനകത്ത് ഉണ്ടായിരിക്കുന്നത്. നക്ഷത്രചിഹ്നമിട്ട മൂന്നാം നമ്പർ ചോദ്യത്തിലെ 'എ' പിരിവിൽ "സംസ്ഥാനത്ത് ഓഖി, നിപാ, പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ നേരിടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ ദുർബലപ്പെടുത്താനുള്ള പ്രതിപക്ഷപാർട്ടികളുടെ നീക്കങ്ങൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങളും വികസന പദ്ധതികളും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ" എന്ന ചോദ്യവും 'ബി' പിരിവിൽ "പ്രതിസന്ധി ഘട്ടങ്ങളിൽ കഴിഞ്ഞ സർക്കാർ നടത്തിയ അതിജീവന ശ്രമങ്ങളെ തടസപ്പെടുത്തിയ പ്രതിപക്ഷകക്ഷികളുടെ നടപടികളെ തള്ളിക്കളഞ്ഞ് അടിസ്ഥാന....." എന്ന് തുടങ്ങുന്ന ചോദ്യങ്ങളുമാണുള്ളത്. സഭയുടെ ചരിത്രത്തിൽ ഇത്തരം ചോദ്യങ്ങൾ ഒരിക്കലും വന്നിട്ടില്ല. നമ്മുടെ കംപയിലിംഗ് ബുക്കുണ്ട്, 1957

മുതൽ 2011 വരെയുള്ള സ്പീക്കറുടെ റൂളിംഗ് സംബന്ധിച്ച പുസ്തകത്തിൽ നിന്ന് 1970 ഓഗസ്റ്റ് 20-ാം തീയതി During Question Hour, a member asked a question containing allegations. Then Speaker ruled no allegation could be raised during Question Hour. ഈ ചോദ്യത്തിൽ 36 (2) സി -യുടെ വ്യക്തമായ ലംഘനം ഉണ്ട്; അതുകൊണ്ട് ഈ ചോദ്യം ഒരു കാരണവശാലും അനുവദിക്കരുത് എന്നാണ് എന്റെ അഭ്യർത്ഥന. അങ്ങ് ഇത് പരിഗണിക്കണം. ഈ ചോദ്യം സഭയിൽ ഉന്നയിച്ച് അത് റെക്കോർഡിലാക്കാൻ അനുവദിക്കരുത്. നമ്മുടെ സഭയുടെ ചട്ടങ്ങൾക്കും റൂൾസ് ഓഫ് പ്രോസീജിയറിനും കീഴ്വഴക്കങ്ങൾക്കും ഇവിടെ ഉണ്ടായിരുന്ന സ്പീക്കർമാരുടെ റൂളിംഗിനും എതിരായിട്ടുള്ള ഒരു ചോദ്യമാണ്. ഈ ചോദ്യം പ്രിന്റ് ചെയ്ത് സഭയിൽ വരാൻ പാടില്ലായിരുന്നു എങ്കിലും അതുവന്ന സ്ഥിതിക്ക് അങ്ങ് അത് അനുവദിക്കുന്നതിനുള്ള അനുമതി നിഷേധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം കൊടുത്തിട്ടുണ്ട്. അദ്ദേഹം ഉന്നയിച്ച പ്രശ്നത്തിൽ ആ പരാതി പരിശോധിക്കുന്നതാണ്. ചോദ്യം അനുവദിക്കുന്നത് സ്പീക്കറാണ്. സ്പീക്കർ ചോദ്യം അനുവദിച്ച നടപടിയെ സംബന്ധിച്ച് ക്രമപ്രശ്നം ചോദ്യോത്തരവേളയിൽ അനുവദിക്കാറില്ല. ഇവിടെ ഉന്നയിച്ച പരാതി പരിശോധിക്കുന്നതാണ്.